"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - കോട്ടയം ഫീൽഡ് ഡയറക്ടറുടെ ഓഫീസിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റായ ശ്രീ.കെ.രാധാകൃഷ്ണനെതിരെയുള്ള അച്ചടക്ക നടപടി - തീർപ്പാക്കി ഉത്തരവാകുന്നു.

**വനം വന്യജീവി (എ) വകുപ്പ്**

G.O.(Rt)No.32/2023/F&WLD തീയതി,തിരുവനന്തപുരം, 24-01-2023

പരാമർശം:-

1. ഭരണ വിഭാഗം ഉപമുഖ്യ വനപാലകന്റെ 11/5/2022 ലെ D3-1703/2020 നമ്പർ കത്ത്.
2. 9/6/2022 തീയതിയിലെ എ1/95/2022/വനം നമ്പർ കുറ്റ പത്രവും കുറ്റാരോപണ പത്രികയും.
3. 16/07/2022 തീയതിയായി ശ്രീ.രാധാകൃഷ്ണൻ സമർപ്പിച്ച പ്രതിവാദ പത്രിക.
4. ഭരണ വിഭാഗം ഉപമുഖ്യ വനപാലകന്റെ 10/8/2022, 16/11/2022 തീയതികളിലെ KFDHQ/2644/2022-ADMIN/B9 നമ്പർ കത്തുകൾ.

**ഉത്തരവ്**

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ഫീൽഡ് ഡയറക്ടർ കോട്ടയത്തിന്റെ ഓഫീസ് ഓർഡർ പ്രകാരം എല്ലാ മാസവും കീഴ് ജീവനക്കാരുടെ പേഴ്സണൽ രജിസ്റ്ററുകൾ പരിശോധിക്കുവാൻ ശ്രീ.രാധാകൃഷ്ണൻ.കെ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിനെ ചുമതലപ്പെടുത്തിയിരുന്നുവെങ്കിലും അത് കൃത്യ സമയത്ത് നിർവ്വഹിക്കാതിരുന്നത് ഓഫീസിലെ ദൈനംദിന പ്രവർത്തനങ്ങളെയും കാര്യക്ഷമതയേയും സാരമായി ബാധിക്കുകയുണ്ടായെന്നും, തപാലുകൾ യഥാസമയം ബന്ധപ്പെട്ട സെക്ഷനുകളിൽ വിതരണം ചെയ്യുന്നതിന് മേൽനോട്ടം വഹിക്കാതെ ഓഫീസിലെ തപാൽ നീക്കം തടസ്സപ്പെടുകയും തന്മൂലം ഫയലുകളിലെ നടപടികളെ സാരമായി ബാധിക്കത്തക്ക വിധത്തിൽ തടസ്സം സൃഷ്ടിക്കുകയും ചെയ്തുവെന്നും, ഇടുക്കി വന്യജീവി സങ്കേതത്തിലെ കാക്കത്തോട് ആദിവാസി സെറ്റിൽമെന്റിൽ വനം കൈയ്യേറ്റത്തെ തുടർന്നുള്ള അച്ചടക്ക നടപടിയിൽ ശിക്ഷ നടപ്പിലാക്കിയത് സംബന്ധിച്ച വിവരം ഉൾക്കൊള്ളുന്ന ഫയലിൽ ശിക്ഷയ്ക്ക് തത്തുല്യമായ തുക ഈടാക്കുന്നത് എഴുതിത്തള്ളുന്നത് സംബന്ധിച്ച ഉത്തരവിന്റെ കരട് സമർപ്പിക്കുവാൻ ശ്രീ.രാധാകൃഷ്ണൻ.കെ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന് പലതവണ മേലുദ്യോഗസ്ഥൻ വാക്കാൽ നിർദ്ദേശം നൽകിയെങ്കിലും മാസങ്ങൾ കഴിഞ്ഞിട്ടും, ടിയാൻ ആവശ്യപ്പെട്ട കരട് സമർപ്പിച്ചിട്ടില്ലെന്നും ടി വിഷയം സംബന്ധിച്ച ആർ.2158/2018 നമ്പർ ഫയൽ പല തവണ ഫയൽ അദാലത്തുകളിലും

സീനിയർ ഫോറസ്റ്റ് ഓഫീസേഴ്സ് മീറ്റിംഗുകളിലും പരാമർശിച്ചിട്ടുള്ളതാകയാൽ വളരെയധികം അടിയന്തിര പ്രാധാന്യം നൽകി തുടർ നടപടി സ്വീകരിക്കേണ്ടതായിരുന്നുവെന്നും ഇത് സംബന്ധിച്ച വീഴ്ചയിൽ ടിയാനോട് വിശദീകരണം ആവശ്യപ്പെട്ടെങ്കിലും നാളിതുവരെ വിശദീകരണം സമർപ്പിക്കുകയോ ഫയലിൽ ആവശ്യപ്പെട്ട പ്രകാരമുള്ള നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ലായെന്നും ഇപ്രകാരം ശ്രീ.രാധാകൃഷ്ണൻ.കെ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തന്റെ ഉത്തരവാദിത്വങ്ങളിൽ മന:പൂർവ്വമായ വീഴ്ച വരുത്തിയെന്നും, മേൽ വിവരിച്ച വീഴ്ചകൾ സംബന്ധിച്ച് 20.04.2022 തീയതിയിൽ വിശദീകരണം ആവശ്യപ്പെട്ടപ്പോൾ തികഞ്ഞ ധിക്കാരത്തോടെയും, ഓഫീസ് മര്യാദകൾക്ക് വിരുദ്ധമായി വളരെ ഉച്ചത്തിലും ആക്രോശിച്ചും ഓഫീസ് മേധാവിയോട് സംസാരിച്ചുകൊണ്ട് മേലധികാരിയെ അവഹേളിക്കുകയും ധിക്കരിക്കുകയും ചെയ്ത് തീർത്തും ഗുരുതരമായ അച്ചടക്ക ലംഘനം നടത്തി, ഓഫീസിലെ സമാധാനപരമായ പ്രവർത്തന അന്തരീക്ഷത്തിന് വിഘ്നം സൃഷ്ടിച്ചുവെന്നും ടിയാനെതിരെ അച്ചടക്ക നടപടിയെടുക്കണമെന്നും ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ഫീൽഡ് ഡയറക്ടർ കോട്ടയം ശിപാർശചെയ്തതിന്റെ അടിസ്ഥാനത്തിൽ മേൽ വിവരിച്ച പ്രകാരം മോശം പെരുമാറ്റവും ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ഗുരുതരമായ കൃത്യവിലോപവും അനാസ്ഥയും കാട്ടിയത് സർക്കാർ ഉദ്യോഗസ്ഥരുടെ പെരുമാറ്റചട്ടങ്ങളുടെ ലംഘനമായതിനാൽ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ശ്രീ.കെ. രാധാകൃഷ്ണനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിലേയ്ക്കായി ഭരണ വിഭാഗം ഉപമുഖ്യ വനപാലകൻ പരാമർശം (1) പ്രകാരം സർക്കാരിൽ ശിപാർശ ചെയ്യുകയുണ്ടായി തുടർ ന്ന് പരാമർശം(2) പ്രകാരം KCS (CC&A) Rules 1960-ലെ ചട്ടം 15 പ്രകാരമുള്ള കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകി അച്ചടക്ക നടപടി ആരംഭിച്ചു. തുടർ ന്ന് ടിയാൻ പരാമർശം(3) പ്രകാരം പ്രതിവാദ പത്രിക സമർപ്പിക്കുകയും ആയതിന് ഭരണ വിഭാഗം ഉപമുഖ്യ വനപാലകൻ അഭിപ്രായം ലഭ്യമാക്കുകയും ചെയ്തു.

ഇടുക്കി വൈൽഡ് ലൈഫ് സാങ്ച്ചറിയിലെ ആദിവാസി സെറ്റിൽമെന്റിലെ, വനം കയ്യേറ്റവുമായി ബന്ധപ്പെട്ട ഫയലിൽ സർക്കാരിനനുകൂലമായ തീരുമാനത്തിനായി ഓഫീസ് നടപടികൾ കൈക്കൊള്ളുന്നതിന് ഫയലിൽ ടിയാൻ യഥാസമയങ്ങളിൽ തീരുമാനം രേഖപ്പെടുത്തിയിട്ടുള്ളതാണെന്നും, തുടർന്ന് 22 വർഷത്തോളം കാലപ്പഴക്കം ചെന്ന ടി ഫയലിന് ഇതിനകം തന്നെ 05.07.2022 തീയതിയിൽ തീർപ്പ് കൽപ്പിച്ച് ഉത്തരവായിട്ടുള്ളതാണെന്നും ടിയാന് മേലധികാരിയുടെ സംശയങ്ങൾക്ക് മറുപടി നൽകുന്നതിനുള്ള അവസരം നൽകാതെ കുറ്റം ആരോപിച്ചിട്ടുള്ളത് തികച്ചും നീതിരഹിതമാണെന്നും കൂടാതെ ഇക്കാര്യത്തിൽ അനാവശ്യമായി അച്ചടക്ക നടപടികൾക്കും തുടർന്നുള്ള സർക്കാർ നടപടി ക്രമങ്ങളിലേയ്ക്കും 31.05.2023-ന് സർവ്വീസിൽ നിന്നും വിരമിക്കുന്ന ടിയാനെ വിധേയമാക്കിയത് തികച്ചും ഖേദകരമാണെന്നും 31 വർഷത്തിലേറെ സർവ്വീസുള്ള ടിയാന് ഇത്തരം നടപടിക്രമങ്ങളെ അഭിമുഖീകരിക്കേണ്ട സാഹചര്യം ഉണ്ടായിട്ടില്ലെന്നും, അത്തരം സ്വഭാവക്കാരനല്ലെന്നും, 06.04.2022 മുതൽ തപാലുകളിൽ യഥാസമയം നടപടികൾ സ്വീകരിച്ച് ബന്ധപ്പെട്ട സെക്ഷനുകളിൽ എത്തിക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടില്ലെന്നും ഓഫീസ് പ്രവർത്തനങ്ങൾ സുഗമമായി തന്നെ നടന്നിട്ടുണ്ടെന്നും, പ്രസ്തുത കുറ്റങ്ങൾ ടിയാനിൽ നിന്നും ഉണ്ടായിട്ടില്ലെന്നും മേലധികാരിയെ ധിക്കരിക്കേണ്ടതായ യാതൊരു നടപടിയും ടിയാനിൽ നിന്നും ഉണ്ടാകേണ്ടതായ സാഹചര്യം ഇല്ലെന്നും, മേലുദ്യോഗസ്ഥൻ തെറ്റിദ്ധാരണകളാൽ

ടിയാനെതിരെ കുറ്റം ആരോപിച്ചിരിക്കുകയാണെന്നും, ഉച്ചത്തിൽ സംസാരിക്കുന്നത് ടിയാന്റെ സ്വഭാവമല്ലെന്നും 1960-ലെ സർക്കാർ ജീവനക്കാരുടെ, പെരുമാറ്റചട്ടങ്ങളിലെ വ്യവസ്ഥകൾ ലംഘിച്ചിട്ടില്ലെന്നും, കുറ്റങ്ങൾ ആരോപിച്ചിട്ടുള്ളത് നീതിരഹിതമാണെന്നും, നാളിതുവരെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ചകൾ ഉണ്ടായിട്ടില്ലെന്നും, ആരോപിച്ചിട്ടുള്ള കുറ്റാരോപണങ്ങൾ ഒഴിവാക്കി അനുകൂലമായ ഉത്തരവുണ്ടാകണമെന്നും ടിയാൻ പ്രതിവാദപത്രികയിൽ വാദിച്ചിട്ടുണ്ട്. കൂടാതെ കാര്യങ്ങൾ ബോധ്യപ്പെടുത്തുന്നതിനായി നേരിൽ കേൾക്കുന്നതിനുള്ള അവസരം നൽകണമെന്നും ടിയാൻ ആവശ്യപ്പെട്ടതിനെ തുടർന്ന് ടിയാനെ 15.12.2022-ന് നേരിൽ കേട്ടു.

ഓഫീസ് ഓർഡർ 2/2022 പ്രകാരം എല്ലാ മാസവും പേഴ്സണൽ രജിസ്റ്റർ പരിശോധിക്കുവാൻ ടിയാനെ ചുമതലപ്പെടുത്തിയിരുന്നുവെന്നും ഓഫീസ് ഓർഡർപ്രകാരം നിശ്ചിത കാലയളവിൽ പേഴ്സണൽ രജിസ്റ്ററുകൾ പരിശോധന നടത്തിയിട്ടില്ലെന്നും വിവിധ സെക്ഷനുകളിലെ പരിശോധനയിൽ മൂന്നു മാസത്തിലധികം ഇടവേള വന്നിട്ടുണ്ടെന്നും ആയത് ഓഫീസ് പ്രവർത്തനങ്ങളെ സാരമായി ബാധിച്ചിട്ടുണ്ടെന്നും ഇടുക്കി വന്യജീവി സങ്കേതത്തിലെ ആദിവാസി സെറ്റിൽമെന്റിലെ വനം കയ്യേറ്റവുമായി ബന്ധപ്പെട്ട അച്ചടക്ക നടപടിയിൽ ശിക്ഷയ്ക്കു തുല്യമായ തുക എഴുതിതള്ളുന്നത് സംബന്ധിച്ച ഉത്തരവിന്റെ കരട് സമർപ്പിക്കുവാൻ പല തവണ വാക്കാൽ നിർദ്ദേശം നൽകിയെങ്കിലും യാതൊരു നടപടിയും ടിയാന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ലെന്നും തുക എഴുതിതള്ളുന്നതിന് വേണ്ട നടപടി സർക്കിൾ തലത്തിൽ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുവാൻ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് നിർദ്ദേശം നൽകിയിരുന്നുവെന്നും, ഫയലിൽ സ്വീകരിച്ച നടപടി സംബന്ധിച്ച് 15.03.2022-ൽ വിശദീകരണം ആവശ്യപ്പെട്ടെങ്കിലും ടിയാൻ വിശദീകരണം സമർപ്പിക്കുകയോ ഫയലിൽ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ലായെന്ന് ഫയൽ നടപടിക്കുറിപ്പിൽ നിന്ന് വ്യക്തമായിട്ടുണ്ടെന്നും, ടി സാഹചര്യത്തിലാണ് ടിയാന് മെമ്മോ നൽകേണ്ടി വന്നതെന്നും എന്നാൽ സർക്കാർ നഷ്ടം എഴുതിത്തള്ളുന്നത് സംബന്ധിച്ച അന്തിമ ഉത്തരവ് നൽകാൻ കഴിഞ്ഞത് 28.06.2022-ന് മാത്രമാണെന്നും ആയതു പ്രകാരം മൂന്നരമാസം വൈകിയാണ് അന്തിമ ഉത്തരവ് നൽകിയിട്ടുള്ളതെന്നും, 20.04.2022-ൽ ശ്രീ.രാധാകൃഷ്ണൻ.കെ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന് നൽകിയ മെമ്മോയ്ക്ക് മറുപടി സമർപ്പിച്ചതിൽ നിന്നും 06.04.2022-നു ശേഷം ഇ-ഓഫീസ് മുഖേനയുള്ള തപാൽ നീക്കം ഓഫീസിൽ തടസ്സപ്പെട്ടിരുന്നതായി ടിയാൻ സമ്മതിച്ചിട്ടുണ്ടെന്നും, എന്നാൽ 06.04.2022 മുതൽ തപാലുകളിൽ യഥാസമയം നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ബന്ധപ്പെട്ട സെക്ഷനുകളിൽ എത്തിക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടില്ലെന്നും മേൽ വീഴ്ചകൾ സംബന്ധിച്ച് ടിയാനോട് 20.04.2022 തീയതിയിൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ഫീൽഡ് ഡയറക്ടറിന്റെ ചേമ്പറിൽ വച്ച് വിശദീകരണം ആവശ്യപ്പെട്ടപ്പോൾ, ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിനോട് അപമര്യാദയായും നിരുത്തരവാദപരമായും പരുഷമായും പെരുമാറിയെന്നും ഒരു സർക്കാർ ജീവനക്കാരന്റെ പെരുമാറ്റത്തിന് നിരക്കാത്തവിധം അച്ചടക്കലംഘനം നടത്തിയിട്ടുള്ളതാണെന്നും, പ്രസ്തുത സമയത്ത് ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ചേമ്പറിൽ ശ്രീ.ശ്രീജിത്ത്.റ്റി.ജെ, ഓഫീസ് അറ്റൻഡന്റ് ഉണ്ടായിരുന്നുവെന്നും ശ്രീ.രാധാകൃഷ്ണൻ.കെ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, മേലധികാരിയെ ബഹുമാനിക്കാതെയും പദവിയെ തരംതാഴ്ത്തിയും, ഓഫീസ് മര്യാദകൾക്ക് വിരുദ്ധമായി ഉച്ചത്തിൽ ആക്രോശിച്ച

സംസാരിച്ച് അപമാനിക്കുകയും ചെയ്ത് അച്ചടക്ക ലംഘനം നടത്തിയിട്ടുള്ളതാണെന്നും എല്ലാ സർക്കാർ ജീവനക്കാരും തികഞ്ഞ ആത്മാർത്ഥതയും അർപ്പണ മനോഭാവവും പുലർത്തണമെന്ന സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടം 1960, ചട്ടം-3-ന്റെ ലംഘനമാണ് ശ്രീ.രാധാകൃഷ്ണൻ.കെ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ ഭാഗത്തു നിന്നുണ്ടായത് എന്ന് കാണുന്നുവെന്നും ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തു.

കുറ്റാരോപിതന്റെ വാദങ്ങളുടെയും ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ റിപ്പോർട്ടിന്റെയും വെളിച്ചത്തിൽ മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. ശ്രീ.രാധാകൃഷ്ണൻ കെ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ ഭാഗത്തു നിന്ന് വീഴ്ചയുണ്ടായതായി കാണുന്നു. ഒരു ഓഫീസിൽ പാലിക്കേണ്ട നടപടിക്രമങ്ങളിൽ നിന്നും ടിയാൻ വ്യതിചലിച്ചിട്ടുണ്ട്. ദിവസങ്ങളോളം വൈദ്യുതിയില്ലാത്തതിനാൽ തപാൽ സെക്ഷനിലെ ജോലികൾ തടസ്സപ്പെട്ടുവെന്നും, എന്നാൽ ഇടയ്ക്കിടെ പവർ സപ്ലൈ വരുന്ന സമയത്ത് പ്രധാനപ്പെട്ട തപാലുകൾ തുടർ നടപടികൾക്കായി നൽകിയെന്നും ടിയാൻ വാദിച്ചിട്ടുണ്ട്. പേഴ്സണൽ രജിസ്റ്റർ കൃത്യമായി പരിശോധിക്കുന്നുണ്ടെന്ന് സമർത്ഥിക്കുന്നുണ്ടെങ്കിലും, വിവിധ സെക്ഷനുകളുടെ പേഴ്സണൽ രജിസ്റ്റർ പരിശോധനയിൽ മൂന്ന് മാസത്തിലധികം ഇടവേള വന്നിട്ടുണ്ട്. ഇടുക്കി വന്യജീവി സങ്കേതത്തിലെ ആദിവാസി സെറ്റിൽമെന്റിലെ വനം കയ്യേറ്റവുമായി ബന്ധപ്പെട്ട അച്ചടക്ക നടപടി സംബന്ധിച്ച ഫയൽ സമർപ്പിക്കാൻ ഉത്തരവ് ഉണ്ടായിരുന്നുവെന്നും എന്നാൽ മേൽ വിഷയവുമായി ബന്ധപ്പെട്ട് വളരെയധികം കാര്യങ്ങൾ പരിശോധിക്കാനുള്ളതിനാൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പറഞ്ഞ സമയത്തിനുള്ളിൽ ഫയൽ സമർപ്പിക്കാൻ ടിയാന് കഴിഞ്ഞിട്ടില്ലെന്നും ടിയാൻ ബോധിപ്പിച്ചു. ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ആവശ്യപ്പെട്ട വിശദീകരണം നൽകാത്തത് ഒരു വീഴ്ചയാണ്. മാത്രവുമല്ല ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് വിശദീകരണം ആരാഞ്ഞപ്പോൾ വാക്ക്തർക്കം ഉണ്ടായി എന്നുള്ളത് വാസ്തവമാണ്. പ്രസ്തുത സംഭവത്തിന് ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ.ശ്രീജിത്ത് സാക്ഷിയുമാണ്. ഉന്നത ഉദ്യോഗസ്ഥനും ഓഫീസ് മേധാവിയുമായ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ആവശ്യപ്പെട്ട വിശദീകരണം നൽകാത്തതും അപമര്യാദയായി പെരുമാറിയതും ഒരു സർക്കാർ ഉദ്യോഗസ്ഥന് അഭിലഷണീയമായ സംഗതിയല്ല .എന്നിരുന്നാലും 31 വർഷത്തിലധികം സർവ്വീസ് ഉള്ള ടിയാന് ഇതുവരെയും മറ്റ് അച്ചടക്ക നടപടികൾ ഒന്നും തന്നെയില്ല എന്നതും സർവ്വീസിൽ നിന്നും താമസംവിനാ വിരമിക്കുന്ന സാഹചര്യവും പരിഗണിച്ച് ഇത്തരത്തിലുള്ള കൃത്യവിലോപവും വീഴ്ചകളും ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിനായി ശാസന (സെൻഷർ) നൽകി ടിയാനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJESH G R
JOINT SECRETARY

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.കെ.രാധാകൃഷ്ണൻ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Shaji A M
സെക്ഷൻ ഓഫീസർ
Date: 24-01-2023 13:12:09